**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – 2008–09 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും ടെണ്ടർ ചെയ്യാൻ കഴിയാത്തതുമായ നിർമ്മാണ പ്രവൃത്തികൾ 2008–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(എം.എസ്)നമ്പർ.112/2009/തസ്വഭവ തിരുവനന്തപുരം, തീയതി:18.06.2009

പരാമർശം:
1. 23.10.2008–ലെ സ.ഉ.(എം.എസ്). 278/2008/തസ്വഭവ നമ്പർ ഉത്തരവ്.
2. 18.06.2009–ലെ സ.ഉ.(എം.എസ്)111/2009/തസ്വഭവ നമ്പർ ഉത്തരവ്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 25.05.2009–ലെ യോഗ തീരുമാനം (ഇനം 1.10)

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങൾ 2008–09 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും 2008–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയതുമായ ചില നിർമ്മാണ പ്രവൃത്തികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസം തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതു കാരണം ടെണ്ടർ ചെയ്യാൻ കഴിഞ്ഞിരുന്നില്ല. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന്റെ കാലയളവ് അവസാനിക്കുന്നതിന് മുൻപ് തന്നെ 2009–ലെ ഷെഡ്യൂൾ നിരക്കുകൾ (01.04.2009 മുതൽ) പ്രാബല്യത്തിൽ വരികയും ചെയ്തു. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മുകളിൽ സൂചിപ്പിച്ച തരം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 2009–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്ത് പുതുക്കിയ സാങ്കേതികാനുമതിയോടുകൂടി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. അതിന് കാലതാമസമുണ്ടാകാനിടയുണ്ട് എന്നതിനാൽ അത്തരം പ്രവൃത്തികൾ 2008–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ തന്നെ നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് നിരവധി തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിലാളികളുടെ കൂലി ഉൾപ്പെടെ ചില ഇനങ്ങൾക്ക് ഷെഡ്യൂൾ നരിക്കിനെക്കാൾ വർദ്ധനവ് ഉള്ളതുകാരണം 2008–ലെ ഷെഡ്യൂൾ നിരക്കിന് ടെണ്ടർ എക്സസ് അനുവദിക്കണമെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 2009–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന കെട്ടിടം, പാലം എന്നീ മരാമത്ത് പ്രവൃത്തികൾക്ക് 10 ശതമാനം വരെ ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് പരാമർശം രണ്ട് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യം കൂടി കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ 2008–09 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും 2008–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയതുമായ മരാമത്ത് പ്രവൃത്തികൾ, ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 2008–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

2.1 കരാറിൽ ഏർപ്പെടുന്ന തുക, 2008–ലെയും 2009–ലെയും ഷെഡ്യൂൾ നിരക്കുകൾ താരതമ്യം ചെയ്യുമ്പോൾ ലഭിക്കുന്ന കുറഞ്ഞ തുകയെക്കാൾ അധികമാകാൻ പാടില്ല.

2.2 കെട്ടിടം, പാലം എന്നീ പ്രവൃത്തികൾക്ക് മാത്രം 10 ശതമാനം വരെ ടെണ്ടർ എക്സസ് അനുവദിക്കാവുന്നതാണ്. എന്നാൽ കരാറിൽ ഏർപ്പെടുന്ന തുക, 2008–ലെ ഷെഡ്യൂൾ നിരക്കിന് 10 ശതമാനം എന്ന പരിധിക്ക് വിധേയമായി ടെണ്ടർ എക്സസ് പരിഗണിക്കുകയാണെങ്കിൽ ലഭിക്കുന്ന തുകയും 2009–ലെ

ഷെഡ്യൂൾ നിരക്കിന് 10 ശതമാനം ടെണ്ടർ എക്സസ് പരിഗണിക്കുകയാണെങ്കിൽ ലഭിക്കുന്ന തുകയും താരതമ്യം ചെയ്താൽ ലഭിക്കുന്ന കുറഞ്ഞ തുകയെക്കാൾ അധികമാകാൻ പാടില്ല. ഇപ്രകാരം ടെണ്ടർ എക്സസ് അനുവദിക്കുന്ന സംഗതികളിൽ സിമെന്റ്, കമ്പി എന്നിവയ്ക്ക് പരാമർശം ഒന്ന് പ്രകാരമുള്ള വിപണിവില അനുവദനീയമല്ല.

2.3 മുൻ ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ളത് പ്രകാരം തുക കണക്കാക്കുന്നതിന് 2008–ലെയും 2009–ലെയും ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ താരതമ്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കണം. ആ സ്റ്റേറ്റ്മെന്റിന് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ സാങ്കേതിക പരിശോധന ആവശ്യമില്ല. എഞ്ചിനീയർ തന്നെ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

2.4 കരാറുകാർ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക 10 ശതമാനത്തിൽ കുറവാണെങ്കിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക തുക മാത്രമേ പരമാവധി അധികം അനുവദിക്കാൻ പാടുള്ളൂ.

2.5 2008–ലെ ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തതും കരാറിൽ ഏർപ്പെടാത്തതുമായ പ്രവൃത്തികൾക്കും ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടർ എക്സസ് അനുവദിക്കാവുന്നതാണ്.

2.6 ഗുണഭോക്തൃ സമിതികൾ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും ഈ ഉത്തരവ് പ്രകാരമുള്ള അധിക നിരക്ക് അനുവദിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും

23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
30 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:

1. പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ